# ജമാഅത്തെ ഇസ്‌ലാമി തമിഴ്നാട് സംസ്ഥാന സമ്മേളനം ജനുവരി 30,31ന്

**ജമാഅത്തെ** ഇസ്‌ലാമി തമിഴ്നാട്-പുതുച്ചേരി ഹൽഖയുടെ സംസ്ഥാന സമ്മേളനം 2010 ജനുവരി 30,31 തീയതികളിൽ ട്രിച്ചിയിൽ നടക്കും. 'ദീൻ സ്ഥാപിക്കൂ, ഭിന്നിക്കരുത്' (അൻ അഖീമുദ്ദീന ഫലാ തതഫർറഖൂ) എന്നതാണ് സമ്മേളന പ്രമേയം. വിവിധ സെഷനുകളിൽ പ്രസ്ഥാന നേതാക്കളും ദേശീയ-അന്തർദേശീയ പ്രശസ്തരും പങ്കെടുക്കും. സമ്മേളനത്തോടനുബന്ധിച്ച് ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന എക്സിബിഷൻ ഉണ്ടായിരിക്കും. ഐ. കരീമുല്ലയാണ് സമ്മേളനത്തിന്റെ ചീഫ് ഓർഗനൈസർ.

## കമ്മിറ്റികളും ന്യൂനപക്ഷവും

**സുപ്രധാന** സംഭവങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ നിയോഗിക്കപ്പെടാറുള്ള കമ്മിറ്റികളും കമീഷനുകളും ഫലത്തിൽ ന്യൂനപക്ഷങ്ങളെ നിശ്ശബ്ദരാക്കുകയാണ് ചെയ്യുന്നതെന്ന് ദൽഹി സെമിനാർ. ജമാഅത്തെ ഇസ്‌ലാമി ഹിന്ദും *ദ സൺഡെ ഇന്ത്യൻ* ഉർദു വാരികയും ചേർന്ന് ദൽഹി ഇന്ത്യ ഇസ്‌ലാമിക് കൾച്ചറൽ സെന്ററിലാണ് സെമിനാർ സംഘടിപ്പിച്ചത്.

മുഖ്യപ്രഭാഷണം നടത്തിയ ബോംബെ ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകൻ യൂസുഫ് മുച്ചാലയുടെ നിരീക്ഷണം ഇങ്ങനെ: "ഇത്തരം കമീഷൻ റിപ്പോർട്ടുകൾ രാഷ്ട്രീയമായി ഏറ്റവും അനുയോജ്യമായ കാലയളവിലാണ് പരസ്യപ്പെടുത്താറുള്ളത്. ഇങ്ങനെയൊക്കെയാണെങ്കിലും വളച്ചൊടിച്ച ചരിത്ര വസ്തുതകൾ തിരുത്താൻ ഇത്തരം കമീഷനുകൾക്ക് സാധിക്കുന്നുണ്ട്. മുസ്‌ലിംകൾ നയിച്ച കലാപമെന്ന് പോലീസ് കമീഷണർ വിധിയെഴുതിയ ബോംബെ കലാപം ഹിന്ദുത്വ തീവ്രവാദികളും പോലീസും ചേർന്ന് നടത്തിയതാണെന്ന് ശ്രീകൃഷ്ണ കമീഷൻ കണ്ടെത്തി. ഇത്തരം കമീഷനുകളുടെ പ്രവർത്തന സമയത്തും റിപ്പോർട്ട് സമർപ്പണത്തിനു ശേഷവും ന്യൂനപക്ഷ വിഭാഗങ്ങൾ അവയെ പിന്തുടരണം. ഇക്കാര്യത്തിൽ നിയമജ്ഞരെ സഹായിക്കാനായി പാരാലീഗൽ പ്രവർത്തകരെയും തയാറാക്കണം."

കുറ്റക്കാർ സമൂഹത്തിൽ സ്വാധീനമുള്ള രാഷ്ട്രീയക്കാരായതിനാലാണ് 17 വർഷത്തിനു ശേഷം സമർപ്പിക്കപ്പെട്ട ലിബർഹാൻ കമീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെ ശിക്ഷിക്കാത്തതെന്ന് ജ.ഇ രാഷ്ട്രീയകാര്യ വിഭാഗം സെക്രട്ടറി മുജ്തബ ഫാറൂഖ് അഭിപ്രായപ്പെട്ടു. സർക്കാറിന് ഇഛാശക്തി ഉണ്ടെങ്കിൽ ഒരു കമീഷനെയും ആവശ്യമില്ല എന്നതിന്റെ തെളിവാണ് ഇന്ദിര-രാജീവ് വധക്കേസുകളെന്ന് പ്രമുഖ ക്രിസ്തീയ നേതാവ് ഡോ. ജോൺ ദയാൽ അഭിപ്രായപ്പെട്ടു.

കൃത്യസമയത്ത് കമീഷൻ റിപ്പോർട്ടുകൾ വെളിച്ചം കാണാനുതകുന്ന തരത്തിൽ കമീഷൻ ഓഫ് എൻക്വയറി ആക്ടിൽ ഭേദഗതി വരുത്തണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഒ.ഇ അമീർ സയ്യിദ് ജലാലുദ്ദീൻ ഉമരി ആവശ്യപ്പെട്ടു. *സൺഡെ ഇന്ത്യ*യുടെ സീനിയർ എഡിറ്റർ ഡോ. മലിക് റഷീദ് ഫൈസൽ സംസാരിച്ചു.

## മഹാരാഷ്ട്രയിൽ പുകയില-പാൻമസാല വിരുദ്ധ കാമ്പയിൻ

**ജമാഅത്തെ** ഇസ്‌ലാമി മഹാരാഷ്ട്ര യൂത്ത്‌വിംഗ് സംസ്ഥാന വ്യാപകമായി ഒരാഴ്ചക്കാലത്തെ പുകയില-പാൻമസാല വിരുദ്ധ ബോധവൽക്കരണ കാമ്പയിൻ സംഘടിപ്പിച്ചു. ലക്ഷക്കണക്കിന് യുവാക്കൾക്ക് സന്ദേശം കൈമാറി. എസ്.എം.എസ് സന്ദേശങ്ങൾ, പോസ്റ്ററുകൾ, ഓട്ടോ

റിക്ഷാ പോസ്റ്ററുകൾ, സ്റ്റിക്കറുകൾ, പത്ര റിപ്പോർട്ടുകൾ, ടി.വി ഷോകൾ, കേബിൾ പ്രോഗ്രാമുകൾ തുടങ്ങി നിരവധി പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ജുമുഅ ഖുത്വ്ബകൾ, സമുദായ നേതാക്കളെയും മറ്റു സംഘടനകളെയും സഹകരിപ്പിച്ചുകൊണ്ടുള്ള പരിപാടികൾ, പ്രകടനങ്ങൾ, സൈക്കിൾ/ബൈക്ക് റാലികൾ, കൗൺസലിംഗ്, പ്രതിഷേധ ധർണകൾ, പ്രതിജ്ഞാ സായാഹ്നങ്ങൾ, മെമ്മോറാണ്ടം എന്നിവയും സംഘടിപ്പിച്ചു.

## കരീംനഗറിൽ ദഅ്‌വാ സെന്റർ

**ആന്ധ്രപ്രദേശിലെ** കരീംനഗറിൽ ജമാഅത്ത് ദഅ്‌വാ സെന്റർ ആരംഭിച്ചു. സംസ്ഥാന അമീർ മലിക് മുഅ്തസിംഖാൻ ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാന ദഅ്‌വാ സെക്രട്ടറി മുഹമ്മദ് സാദിഖ് അഹ്മദ് സംബന്ധിച്ചു.

## ചർച്ച നടക്കേണ്ടത് അറിവിന്റെ തത്ത്വ ശാസ്ത്രത്തെക്കുറിച്ച്

**വിദ്യാഭ്യാസത്തിന്റെ** ഘടനയെക്കുറിച്ച ഉപരിപ്ലവമായ ചർച്ചകൾക്കപ്പുറം അറിവിന്റെയും വിദ്യാഭ്യാസത്തിന്റെയും അസ്തിവാരമിടുന്ന തത്ത്വശാസ്ത്രങ്ങളെക്കുറിച്ചാണ് പുനർവിചിന്തനം നടക്കേണ്ടതെന്ന് എസ്.ഐ.ഒ അഖിലേന്ത്യാ പ്രസിഡന്റ് കെ.കെ സുഹൈൽ. മഹാരാഷ്ട്ര നോർത്ത് സോൺ ജൽഗാവിൽ സംഘടിപ്പിച്ച സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസ രംഗത്ത് ഇന്ന് നിലനിൽക്കുന്ന വിദ്യാഭ്യാസ പ്രശ്നങ്ങളുടെ അടിസ്ഥാനം കാഴ്ചപ്പാടിന്റേതാണ്. മനുഷ്യനും പ്രകൃതിയും ദൈവവും തമ്മിലെ ശരിയായ ബന്ധങ്ങളെക്കുറിച്ച് ധാരണ നൽകുന്നതും അതിനനുസൃതമായ സംസ്കാരം വിദ്യാർഥികളിൽ ഉളവാക്കുന്നതുമായിരിക്കണം വിദ്യാഭ്യാസ സംവിധാനം. ഡോ. കെ.ബി പാട്ടീൽ (നോർത്ത് മഹാരാഷ്ട്ര യൂനിവേഴ്സിറ്റി വൈസ് ചാൻസലർ), പ്രഫ. എ.ജി റാവു (പ്രിൻസിപ്പൽ, എം.ജെ കോളേജ് ജൽഗഡ്), വിദ്യാധർ പനത് (സീനിയർ ജേർണലിസ്റ്റ്), പ്രഫ. വി.എം പവാർ (വൈ. പ്രിൻസിപ്പൽ, ഭാംബോരി എഞ്ചിനീയറിംഗ് കോളേജ് ജൽഗാവ്), സുഹൈൽ ആമിർ (എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ്), ഡോ. ഹുസൈ ഫർഹാൻ, സയ്യിദ് മസ്ഹർ, ഡോ. നാസർ ശൈഖ് സംബന്ധിച്ചു.

## കോയമ്പത്തൂരിൽ ഫിലിം ഫെസ്റ്റിവൽ

**'ദേശം** ഏവർക്കും' എന്ന പ്രമേയത്തിലൂന്നി എസ്.ഐ.ഒ കോയമ്പത്തൂർ ഘടകം ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിച്ചു. 3 ദിവസം നീണ്ടുനിന്ന മേളയിൽ നിരവധി ഹ്രസ്വ ചിത്രങ്ങളും ഡോക്യുമെന്ററികളും പ്രദർശിപ്പിച്ചു. ഓരോ ദിവസവും 300 ലധികം പ്രേക്ഷകർ പങ്കെടുത്തു.

## നിയമവിദ്യാർഥികളുടെ ഒത്തുചേരൽ

**എസ്.ഐ.ഒ** മഹാരാഷ്ട്ര നോർത്ത് ഘടകം നാന്ദേഡിൽ നിയമവിദ്യാർഥികളുടെ ഒത്തുചേരൽ സംഘടിപ്പിച്ചു. പ്രഫ. ഖാസി ഇഹ്തിഷാമുദ്ദീൻ, ഖാസി സഫ്ദർ, അസ്റാർ അഹ്മദ് ഖാൻ സംസാരിച്ചു.

**അബ്ബാദ്**